**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3483** **26-06-2024 - ൽ മറുപടിയ്ക്ക്**

**തളിപ്പറമ്പ് മണ്ഡലത്തിലെ സർവേ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തളിപ്പറമ്പ് മണ്ഡലത്തിലെ റോഡ്, പാലം എന്നിവയുടെ സർവേ നടപടികളുടെ പുരോഗതി വിശദമാക്കാമോ; | (എ) | റോഡ് :- തളിപ്പറമ്പ് മണ്ഡലത്തിൽ ചൊറുക്കള - ബാവുപ്പറമ്പ് - മയ്യിൽ - ചാലോട്- എയർപോ ർട്ട് റോഡിന്റെ സർവെ സബ് ഡിവിഷൻ ജോലി പൂർത്തീകരിച്ച ശേഷം വ്യക്തിഗത കൈവശ സർവെ ജോലികൾ നിലവിൽ ചെയ്തുവരുന്നു.<br><br>പാലം ;- തളിപ്പറമ്പ് മണ്ഡലത്തിൽ പൂമംഗലം - കൊടിലേരി പാലം നിർമ്മാണത്തിന്റെ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് സബ്ഡിവിഷൻ ജോലി പൂർത്തീകരിച്ചിട്ടുണ്ട്. വ്യക്തിഗത കൈവശങ്ങളുടെ സർവെ ജോലികൾ പ്രാരംഭഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ പൊറുക്കള-ബാവുപ്പറമ്പ എയർപോർട്ട് ലിങ്ക് റോഡിന്റെ സർവേ നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | ചൊറുക്കള - ബാവുപ്പറമ്പ് - മയ്യിൽ - ചാലോട് - എയർപോർട്ട് റോഡ് ആകെ ദൂരം - 22.450 കി.<br><br>സർവെ നമ്പർ - 312,<br><br>11(1) വിജ്ഞാപന തീയതി - 26/09/2023<br><br>സർവെ സബ്-ഡിവിഷൻ ജോലി പൂർത്തീകരിച്ച ശേഷം വ്യക്തിഗത കൈവശ സർവെ ജോലികൾ നിലവിൽ ചെയ്തുവരുന്നു. |
| (സി) | മണ്ഡലത്തിലെ കൊടിലേരി പാലത്തിന്റെ സർവേ നടപടികളുടെ പുരോഗതി വിശദമാക്കാമോ; | (സി) | കൊടിലേരി പാലത്തിന്റെ സബ്ഡിവിഷൻ ജോലി പൂർത്തീകരിച്ചിട്ടുണ്ട്. വ്യക്തിഗത കൈവശങ്ങളുടെ സർവെ ജോലികൾ പ്രാരംഭഘട്ടത്തിലാണ്.<br><br>വിസ്തീർണ്ണം - 0.2586 ഹെക്ടർ.<br><br>11(1) വിജ്ഞാപന തീയതി - 11/03/2024 |

| | | | |
|---|---|---|---|
| (ഡി) | സർവേ നടപടികളിൽ ഉണ്ടാകുന്ന കാലതാമസം കാരണം വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കാമോ? | (ഡി) | കൊടിലേരി പാലത്തിൻ്റെയും എയർപോർട്ട് റോഡിന്റെയും സബ്ഡിവിഷൻ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്.നിലവിൽ സർവെയർമാരുടെ കുറച്ച് ഒഴിവുകൾ നിലവിലുണ്ട്.ടി ഒഴിവുകളിൽ മറ്റ് ആഫീസുകളിൽ നിന്ന് സർവെയർമാരെ മാറ്റി നിയമിച്ചും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ആളെ നിയമിക്കുന്ന നടപടികൾ സ്വീകരിച്ചും പരിഹരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ